LIBRARY ARCHIVES Kerala Legislative Assembly

'സെലിബ്രക്സ്, വിയോക്സി എന്നീ മരുന്നുകളുടെ ഉപയോഗം' കുറയ്ക്കാൻ നടപടി

128 [3182] ശ്രീ. ഡി. സുഗതൻ:

" എ. കെ. മണി:

" കെ. ബാബു:

" ജോർജ് ജെ. മാത്യു:

" എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫൈസർ കമ്പനിയുടെ സെലിബ്രക്സ് എന്ന വേദന സംഹാരി ഗുളികയും മെർക്ക്ഫാമ എന്ന കമ്പനിയുടെ വിയോക്സി എന്ന വേദന സംഹാരി ഗുളികയും രോഗികൾക്ക് ഡോക്ടർമാർ കുറിച്ചുകൊടുക്കാറുണ്ടോ;

(ബി) പ്രസ്തുത ഗുളികകൾ ഉപയോഗിക്കുന്നത് ഹൃദ്രോഗ സാദ്ധ്യത വർദ്ധിപ്പിക്കുമെന്ന് ബന്ധപ്പെട്ട കമ്പനികൾ പ്രസ്താവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ മരുന്നുകളുടെ ഉപയോഗം കുറയ്ക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ലഭ്യമല്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടി

129 [3183] ശ്രീ. പി. നാരായണൻ:

" എം. കുമാരൻ:

" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി വിതരണം ഉൾപ്പെടെ ആദിവാസി ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) അവരുമായി എത്ര പ്രവാശ്യം ചർച്ച നടത്തി?